# ജ: ഹമീദ് വാണിമേലിനൊരു തുറന്ന കത്ത്

**പ്രിയപ്പെട്ട ഹമീദ് വാണിമേലിന്**

**അസ്സലാമു അലൈക്കും.**

താങ്കൾ ജമാഅത്തിൽ നിന്ന് രാജിവെക്കാനായി ഉന്നയിച്ച കാരണവും പിന്നീട് ചില അഭിമുഖങ്ങളിൽ പ്രകടിപ്പിച്ച ബാലിശമായ അഭിപ്രായങ്ങളുമാണ് ഈകുറിപ്പിന് പ്രേരകം.

കൽപ്പറ്റയിലെ പള്ളിയുമായി ബന്ധപ്പെട്ടവർക്ക് വാണിമേൽ ഒരു ഖത്തീബ് മാത്രമായിരുന്നില്ല മാതൃകയായിരുന്നു. രാജിവെച്ചുവെന്ന ഫ്ളാഷ് തികച്ചും അപ്രതീക്ഷിതമായി കണ്ടപ്പോൾ ഓർമ്മവന്നത് താങ്കളുടെ തന്നെ ചിലവാചകങ്ങളാണ്. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഭാഗമാവാതെ ഒരാൾക്ക് ഇസ്‌ലാമായി ജീവിക്കാൻ ആവില്ലായെന്ന് പ്രമാണങ്ങളുടെ പിൻബലത്തോടെ ഒരിക്കൽ പറയുകയുണ്ടായി. ആ സമർത്ഥനം അതിശയോക്തിപരമാണെന്ന് കരുതാൻ എന്റെ യുക്തിക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. അത്കൊണ്ട് തന്നെ രാജി എന്തിൽനിന്നായിരുന്നുവെന്നതാണ് അമ്പരപ്പിന് കാരണമായത്.

വാർത്ത ഫ്ളാഷിൽ നിന്ന് ദൃശ്യങ്ങളിലേക്ക് വികസിച്ചു. പത്രസമ്മേളനം തുടങ്ങുന്നതിന് മുൻപുള്ള ദൃശ്യങ്ങൾ മനസിൽ നിന്ന് മായുന്നേയില്ല . താങ്കൾ അതൊന്ന് വീണ്ടും കാണാൻ ശ്രമിക്കുന്നത് നല്ലതാണ്. സദാ ഊർജ്ജസ്വലമായി ചിരിക്കുന്ന മുഖവുമായി തലയെടുപ്പോടെ കാണാറുള്ള വാണിമേലിന്റെ വിളറിയ നിഴൽരൂപം. നോട്ടവും ഭാവവുമെല്ലാം പോലീസ്സ്റ്റേഷനിലകപ്പെട്ട കുറ്റവാളിയുടെ അങ്കലാപ്പ്പോലെ തോന്നിച്ചു. താൻ നടത്താൻപോകുന്ന പാതകത്തെ കുറിച്ചുള്ള സംഘർഷഭരിതമായ മനസിന്റെ ഭാവവും ശരീരഭാഷയും. ആരുടെയോ പ്രേരണയാൽ ചെയ്യുന്നത്പോലെ. ലീഗ്ഹൗസിൽനിന്ന് തയ്യറാക്കിയ അജണ്ട പ്രകാരം അവിടുന്ന് തന്നെ രാജികത്ത് ഫാക്സ് ചെയ്യുകയും ലേഖനം പ്രസിദ്ധീകരിക്കാൻ കൊടുക്കുകയും ചെയ്ത സ്ഥിതിക്ക്  കുറച്ചുകൂടി ഗൃഹപാഠം ചെയ്യാമായിരുന്നു. അങ്ങിനെയായിരുന്നെങ്കിൽ മനസിലെ പൂച്ച് അത്രപെട്ടെന്ന് പുറത്ത് ചാടില്ലായിരുന്നു. നേതാവിന്റെ മുഖംപോലെ. അണികൾ ഇവൻതാനടാപുലി എന്നാർത്ത് വിളിക്കുമ്പോഴും ചങ്കിടിപ്പോടെയുള്ള മ്ലാനമായ മുഖം ദൃശ്യമാവില്ലായിരുന്നു.

ഏത് പ്രസ്ഥാനത്തിൽ നിന്നും ആർക്കും രാജിവെക്കാനുള്ള അവകാശമുണ്ട്. താങ്കൾ പഠിപ്പിച്ചത് പോലെയാണെങ്കിൽ ഇസ്‌ലാമിൽ നിന്നുതന്നെ രാജിവെക്കാനുള്ള സ്വാതന്ത്ര്യവും ഈ ജനാധിപത്യരാജ്യത്ത് വകവെച്ച് കിട്ടും.അത്രയ്ക്ക്സ്വതന്ത്ര്യമുണ്ടെന്ന് താങ്കൾ കരുതാത്തത് കൊണ്ടാവണം ഒരു തിരിച്ചടി പ്രതീക്ഷിക്കുന്നതായി പത്രദ്വാരാ പറഞ്ഞത്.

വിട്ടുപോകുന്നവർക്ക് മൗലികമായ വിയോജിപ്പുകൾ പറയാനുള്ള ബാദ്ധ്യതയുണ്ട്. പ്രേരിപ്പിച്ചവർക്ക് ഇതിലൊന്നും താല്പര്യമുണ്ടാവില്ല. ചട്ടുകങ്ങൾക്ക് വേണ്ടി കാത്തിരിക്കുന്നവരാണല്ലോ അവർ. ലക്ഷങ്ങൾകൊടുത്തും ചട്ടുകങ്ങളും കോടാലികൈകളും അവർ വാങ്ങുകതന്നെ ചെയ്യും. പണത്തിന് മേൽ പരുന്തും പറക്കാത്ത മാനസികാവസ്ഥ പുറത്തുകാണിക്കാതെ വിദഗ്ദമായി പ്രവർത്തിച്ച് ചട്ടുകമാവാൻ സന്ദർഭംകാത്ത് കഴിയുന്നവർ ധാരാമുള്ള. സമൂഹമാണല്ലോ നമ്മുടേത്.

ഇസ്‌ലാമിക ജീവിതത്തിന്റെ സമഗ്രമാതൃകയായി പറഞ്ഞും പ്രവർത്തിച്ചും കെട്ടിയാടിയ താങ്കൾ വിട്ടുപോകുമ്പോൾ നാലാൾ കേട്ടാൽ ബോധ്യപെടുന്ന വിയോജിപ്പുകൾ പറയേണ്ടതുണ്ട്. പ്രത്യേകിച്ചും നിലവാരമുള്ള ആദർശപ്രസ്ഥാനത്തിന്റെ നേതാവാകുമ്പോൾ. വിശ്വാസമർപ്പിച്ചവരുടെ മനസിൽ നിലനിൽക്കുന്നതും അള്ളാഹുവിന്റെ മുമ്പിൽ ചോദ്യം ചെയ്യപ്പെടാത്തതുമായ സ്ഥാനമാണ് എല്ലാഭൗതിക നേട്ടങ്ങളെക്കാളും മികച്ചതെന്ന് ഒരിക്കൽ താങ്കൾ തന്നെ പറഞ്ഞിരുന്നുവല്ലോ.

മതവും രാഷ്ട്രിയവും സമഗ്രമായും സമഞ്ജസമായും കൈകാര്യം ചെയ്യുന്ന, ഇന്ന് രാജ്യത്ത് നില നിൽക്കുന്ന ഏകപ്രസ്ഥാനമെന്ന് താങ്കൾ പറഞ്ഞ ഒരു സംഘടനയിൽ നിന്ന് രാജിവെച്ച് പോകുമ്പോൾ കേവലം ഒരു തെരഞ്ഞെടുപ്പിൽ സ്വീകരിച്ച താൽകാലികമായ ഒരു നിലപാടിനോടുള്ള പ്രതിഷേധം മാത്രം ഉന്നയിച്ചതിലൂടെ ചെറുതായത് താങ്കൾ മാത്രമാണ്. പരിശുദ്ധ നെയ്യുപോലുള്ള പരമ്പരയുടെ കർത്താവിനെ പോലുള്ള പേനയുന്തികളിരിക്കുന്ന പത്രസമ്മേളനമായത് കൊണ്ട് തന്നെ കൂടുതൽ വിയർക്കേണ്ടിവന്നില്ല.

പക്ഷെ ചില സംശയങ്ങൾക്ക് മറുപടിതരാൻ താങ്കൾ ബാധ്യസ്ഥനാണ്.

1. 1988വരെ ലീഗും മുജാഹിദുമായിരുന്ന താങ്കൾ ജമാഅത്തിൽ ചേരാൻ കാരണമെന്തായിരുന്നു?.
2. ഇസ്‌ലാമിനെ സമഗ്രജിവിത വ്യവസ്ഥയായി അവതരിപ്പിക്കുന്ന ഏകപ്രസ്ഥാനം എന്ന നിലയിൽബോധ്യപ്പെട്ടതിന്റെയടിസ്ഥാനത്തിലല്ലേ ജമാഅത്തുമായി ബന്ധപ്പെട്ടത് ?.
3. 20 വർഷങ്ങൾക്കു ശേഷം തിരിച്ചപോകുമ്പോൾ ആത്മീയത വീണ്ടെടുത്ത, ഇസ്‌ലാമിനെ സമഗ്രമായി അവതരിപ്പിക്കുന്ന, സാമൂഹ്യ വിശകലനങ്ങളിൽ ജമാഅത്ത് കാണാതെ പോയ ഇടങ്ങൾ കൂടി കണ്ടെത്തി അവതരിപ്പിക്കുന്ന സംഘടനകളായി ലീഗും മുജാഹിദും മാറിയോ ?.
4. പ്രഭാഷണങ്ങളിലും സ്വകാര്യതയിലും പ്രസക്തമായ വിമർശങ്ങളുന്നയിച്ചിരുന്ന താങ്കൾക്ക് എങ്ങിനെ ജനിതകമാറ്റം വരുത്തിയ സ്വീകാര്യമായ വിളകളായി ലീഗും മുജാഹിദും മാറി ?.
5. എൻ.ഡി.എഫ്.ന്റെ ഇടപെടലുകളുടെ പശ്ചാത്തലത്തിൽ സാമുദായിക വാദത്തിന്റെ അപകടത്തെ കുറിച്ചും, അത് വർഗീയതയിലേക്ക് വഴിമാറുന്നതിനെകുറിച്ചും, കേരളിയസമൂഹത്തിൽ സൃഷ്ടിച്ചേക്കാവുന്ന ഉണക്കാനാവാത്ത മുറിവുകളെ കുറിച്ചും താങ്കളുടെ ഒരു ഖുത്തുബ ഇന്നും ഓർക്കുന്നു. സമുദായരാഷ്ടീയ പാർട്ടിയെ (സാമുദായിക രാഷ്ടീയത്തെ) ശക്തിപ്പെടുത്താനുള്ള എളിയദൗത്യം ഏറ്റെടുക്കുന്ന താങ്കൾക്ക് പഴയ നിലപാടിനോടുള്ള സമീപനമെന്ത് ?.
6. ജമാഅത്തിന്റെ രാഷ്ടിയപാർട്ടിക്ക് കേരളത്തിൽ സ്കോപ്പില്ലെന്ന് പറയുമ്പോൾ തദ്ദേശതിരഞ്ഞെടുപ്പ് ഘട്ടത്തിൽ അത്യന്തം ആവേശത്തോടെ വയനാട്ടിൽ വന്ന് ഞങ്ങളെ കർമ്മനിരതരാക്കുകയും, തിരിച്ചടിനേരിട്ടാൽ പോലും ഉയർന്ന് വരാനിരിക്കുന്ന ബദൽ ജനകീയ രാഷ്ട്രീയത്തിന്റെ സാധ്യതകളെ കുറിച്ചും, രൂപം കൊടുക്കാൻ പോകുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന് വികസന സമിതികൾ മുതൽ കൂട്ടായി മാറുന്നതിനെ കുറിച്ചും വാചാലമായത് എന്തിന് ?
7. പൊളിറ്റിക്കൽ ആക്റ്റിവിസത്തിനിടയിൽ ആത്മീയത ചോർന്നു എന്നതാണല്ലോ പിന്നീട് ഉന്നയിച്ച വിയോജിപ്പ്. പൊളിറ്റിക്കൽ ആക്റ്റിവിസം ശക്തമാവുമ്പോൾ ആത്മീയത ചോരും എന്ന് മനസ്സിലാക്കി പരിഹാരം കാണാനുള്ള ബുദ്ധി പൊളിറ്റിക്കൽ സെക്രട്ടറിയായി ആടിത്തിമിർക്കുമ്പോൾ ഉണ്ടായിരുന്നില്ലേ ?അതെല്ലെങ്കിൽ സ്വന്തം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഈ പരാതി പ്രസ്ഥാനത്തിന്റെ മേൽ കെട്ടിവെക്കുകയാണോ ?. പൊളിറ്റിക്കൽ സെക്രട്ടറി പദം മാസങ്ങൾക്ക് മുൻപ് തന്നിൽ നിന്ന് ചോർന്ന് പോയപ്പോഴാണോ ആത്മീയത ചോരുന്നതായി തോന്നിതുടങ്ങിയത് ?.
8. പൊളിറ്റിക്കൽ ആക്റ്റിവിസത്തിന്റെ ഉച്ചിയിൽ നിൽക്കുമ്പോഴും ആത്മീയത ചോരാത്ത പാർട്ടിയാണോ മുസ്‌ലിംലീഗ് ?. (ജമാഅത്തിൽതന്നെ തുടർന്ന്കൊണ്ട് ലീഗിന്റെ മാതൃക സ്വീകരിച്ച് ആത്മീയതചോരാതെ പൊളിറ്റിക്കൽ ആക്റ്റിവിസം നടപ്പാക്കാൻ ശ്രമിക്കാതിരുന്നതിന് ദൈവത്തിന് നന്ദി)

9. നരേന്ദ്രൻ റിപ്പോർട്ടിനോട് ഇടതുപക്ഷം സ്വീകരിച്ച നിലപാടിനെ വിമർശിക്കുന്നതാങ്കൾ നരേന്ദ്രൻറിപ്പോർട്ട് നടപ്പാക്കുന്നതിനോടും ബാക്ക്‌ലോഗ് നികത്തുന്നതിനോടും യു.ഡി.എഫ് സർക്കാരും സമുദായ രാഷ്ട്രീയ പാർട്ടിയും സ്വീകരിച്ച നിലപാടിനോട് യോജിക്കുന്നുണ്ടോ ?.

10. കഴിഞ്ഞ 5 വർഷകാലം ഇടതുപക്ഷത്തിൽനിന്ന് അവഹേളനംമാത്രമാണ് ജമാഅത്തിന് ലഭിച്ചതെന്ന് പരിതപിക്കുന്നു. ഈ 5 വർഷകാലവും അതിന് മുൻപും യു.ഡി.എഫും സമുദായ പാർട്ടിയും ജമാഅത്തിനെ കെട്ടിപ്പിടിച്ച് ഉമ്മവെച്ച് നടക്കുകയായിരുന്നോ ?.

11. പ്രധാന അവഹേളനമായി പറയുന്ന ഹിറാസെന്റർ റെയ്ഡിന് ശേഷം നടന്ന പാർലമെന്റ് തിരഞ്ഞെടുപ്പിന് ഇടത്പക്ഷത്തിന് പിന്തുണ നൽകാനുള്ള ചർച്ചകൾക്ക് നേതൃത്വം നൽകിയത് താങ്കളായിരുന്നില്ലേ ? അന്നെന്ത് കൊണ്ട് രാജിവെച്ചില്ല ?.

12. തിരഞ്ഞെടുപ്പ് നിലപാട് വിശദീകരിക്കുന്നതിന് സ്വന്തം ചിലവിൽ പൊതുയോഗങ്ങൾ നടത്തുന്നത് പിന്തുണ സ്വീകരിക്കുന്നവരുടെ വിജയത്തിന് വേണ്ടിയല്ലാ സ്വന്തം നിലപാടുകളുടെ വിജയത്തിന് വേണ്ടിയാണെന്ന് താങ്കൾക്കറിയില്ലേ ?. ഇടതുപക്ഷവിജയത്തിന് വേണ്ടി 50 ലധികം പൊതുയോഗങ്ങൾ സ്വന്തം പണം മുടക്കി ജമാഅത്ത് നടത്തിയിട്ടും സർക്കാരിൽ നിന്നും അവഹേളനം മാത്രം ലഭിച്ചു എന്ന് വേവലാതിപ്പെടുന്നത് എന്തിനാണ്?.പൊളിറ്റിക്കൽ സെക്രട്ടറിക്ക് ഇടതു സർക്കാർ സ്വകാര്യമായി എന്തെങ്കിലും വാഗ്ദാനം തന്നിരുന്നുവോ ?

13. പി.കെ കുഞ്ഞാലിക്കുട്ടിയെ തോൽപ്പിക്കാൻ സംഘടന അഹോരാത്രം പണിയെടുത്തെന്ന് താങ്കൾ പറയുന്നു. എന്തിന് വേണ്ടിയായിരുന്നു അങ്ങിനെ പണിയെടുത്തത് ?.അയാളോടുള്ള വ്യക്തി വിരോധമോ ? രാഷ്ട്രീയ നിലപാടുകളോ ? മൂല്യങ്ങളുടെ വീണ്ടെടുപ്പോ ? എന്ത് കാരണങ്ങൾ പറഞ്ഞാണ് അന്ന് നിങ്ങൾ പ്രസംഗിച്ചിരുന്നത് ?.

14. കേരളത്തിൽ ജമാഅത്തിനെ നിരോധിക്കാൻ വാഴക്കാല കമ്മറ്റിയെന്ന പേരിൽ ലീഗും മുജാഹിദും ഖാദിയാനിയും കൂടി ഹൈകോടതിയിൽ കേസിന്പോയ ഘട്ടത്തിൽ സി.പി.എം ജമാഅത്തിനെതിരെ തീവ്രവാദ കാമ്പയിൻ നടത്തുകയായിരുന്നു എന്ന് താങ്കൾ പറഞ്ഞത് സത്യം. തീവ്രവാദ കാമ്പയിൻ ലീഗുകാർ ഏറ്റു പിടിക്കുകയായിരുന്നില്ലേ. നിരോധിക്കാൻ കേസ്കൊടുത്തവർക്കെതിരെ ഒരക്ഷരം ഉരിയാടാനോ, ഏതൊരു സംഘടനയ്ക്കും സമൂഹത്തിൽ സമാധാനപരമായ പ്രവർത്തനങ്ങളിലേർപ്പെടാനുള്ള ജനാധിപത്യാവകാശം വകവെച്ച്കൊടുക്കാനോ ലീഗുകാർ ആവശ്യപ്പെട്ടിരുന്നില്ലല്ലോ ?. കോടതി ആവശ്യപ്പെട്ട 20 ഓളം ചോദ്യങ്ങളിൽ രണ്ടെണ്ണമൊഴികെ ജമാഅത്തിനനുകൂലമായി മറുപടി നൽകിയത് ഇടതുപക്ഷസർക്കാരായിരുന്നില്ലേ ?.

15. വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കാൻ ശ്രമിച്ച മത വിരുദ്ധ പരിഷ്കാരങ്ങൾ, വികലമായ വികസന കാഴ്ചപ്പാട്, കിനാലൂർ സംഭവം തുടങ്ങിയവ ഇടതുഭരണത്തിന്റെ ദുരനുഭവങ്ങളായി താങ്കൾ കാണുന്നു. പിന്തുണ പതിച്ചുനൽകുമ്പോൾ ഇടതുപക്ഷം പൂർണ്ണമായും ജമാഅത്തിന്റെ നിലപാടുകൾ തന്നെയായിരിക്കും നടപ്പാക്കുകയെന്ന് പൊളിറ്റിക്കൽ സെക്രട്ടറി തെറ്റിദ്ധരിച്ചുപോയിരുന്നുവോ ? സർക്കാർ നടപ്പാക്കുന്ന ജനവിരുദ്ധ നയങ്ങൾക്കെതിരെ ശക്തമായ സമരം നടത്തുമെന്നും ജമാഅത്ത് പ്രഖ്യാപിച്ചുരുന്നുവല്ലോ. ആ പ്രതിപക്ഷ ദൗത്യം ഭംഗി യായി നിർവ്വഹിച്ചത് സോളിഡാരിറ്റിയും ജമാഅത്തും തന്നെയായിരുന്നില്ലേ ?. ഇടപ്പെട്ട സമരങ്ങൾ മിക്കതും കിനാലൂരടക്കം വിജയിക്കുകയും ചെയതില്ലേ. പിന്നെ കിനാലൂരിലെ അടിയുടെ കാര്യം. ഭരണകൂടത്തിന്റെ അടിച്ചമർത്തലൊന്നും നേരിടാതെ ദന്തഗോപുരത്തിലിരുന്ന് സമരങ്ങൾ നടത്താമെന്ന് പൊളിറ്റിക്കൽ സെക്രട്ടറി വ്യാമോഹിച്ചിരുന്നുവോ ? വട്ടംകൂടിനിന്ന് സ്ത്രീകൾ അടിമേടിച്ചത് കൊണ്ട് താങ്കൾക്ക് അടികിട്ടിയില്ല. അങ്ങിനെ താങ്കൾ അറിയപ്പെടുന്ന നേതാവായി, കിടപ്പാടം നഷ്ടപ്പെട്ട് ജീവിതകാലം മുഴുവൻ നരകയാതന അനുഭവിക്കാതെ അടികിട്ടിയെങ്കിലും കിനാലൂര്കാർ സമരം വിജയിച്ചതിൽ സന്തോഷിക്കുന്നു.

കിനാലൂർ സംഭവത്തിന് ചുക്കാൻ പിടിച്ച മന്ത്രിയോട് സ്ഥായിയായ വിരോധം വെച്ച് പുലർത്തണമെന്ന്. താങ്കൾ വാദിക്കുന്നു. അങ്ങിനെയൊരു നിലപാട് യു.ഡി.എഫ് കാർക്ക്പോലും ഉണ്ടാവില്ല. അടിച്ചവനും കൊണ്ടവനും പരസ്പരം സഖ്യകക്ഷികളാവുന്ന കാഴ്ചയല്ലേ കക്ഷി രാഷ്ട്രീയത്തിൽ കാണാനാവുന്നത്. കാലുമാററ രാഷ്ട്രീയത്തിൽ താങ്കൾ പിച്ചവെക്കുന്നതല്ലേയുളളു. പഠിച്ചുവരാൻ താമസമെടുക്കും.

16. വോട്ടുനൽകുന്നതിനും രാഷ്ട്രീയപാർട്ടിരൂപികരിക്കുന്നതിനും പറഞ്ഞിരുന്ന സംഘടനാപരമായ ന്യായം സമുദായസംരക്ഷണമാവണം. സമുദായരാഷ്ടീയപാർട്ടിയുളളപ്പോൾ പുതിയ രാഷ്ടീയപാർട്ടിയുടെ ആവശ്യമില്ല എന്നായിരുന്നു. താങ്കളുടെ നിലപാടെന്ന് ഇപ്പോൾ പറയുന്നു.അങ്ങിനെയോരു നിലപാട് താങ്കൾക്കോ ജമാഅത്തിനോ ഉണ്ടായിരുന്നതായി അറിയില്ല. വിശാലമായ ലക്ഷ്യങ്ങളോടെ അർത്ഥതലങ്ങളോടെ ഒരു ബദൽ ജനകീയ രാഷ്ട്രീയം ഉയർത്തിപിടിക്കുന്ന മൂല്യാധിഷ്ടിത രാഷ്ട്രീയ പ്രസ്ഥാനം എന്ന നിലയിലാണ് താങ്കളടക്കം രൂപീകരിക്കാൻപോകുന്ന പാർട്ടിയെ കണ്ടതും വിശദീകരിച്ചതും. പൊളിറ്റിക്കൽ സെക്രട്ടറിയുടെ പൊളി -ട്രിക്സ്-എല്ലാവർക്കും ബോധ്യമാകുന്നുണ്ടെന്ന്മാത്രം അറിയുക.

## പുതിയ പാർട്ടിയുടെ പിറവിയെക്കുറിച്ച് ചന്ദ്രികയിലെ അഭിമുഖം

(എ) രാഷ്ട്രീയ പാർട്ടി രൂപീകരിക്കുമെന്ന് അഖിലേന്ത്യാ അമീർ തന്നെ പ്രഖ്യാപിച്ചത് കൊണ്ട് ആ പാർട്ടിയുടെ സ്വഭാവം എന്തായിരിക്കുമെന്ന് ജനങ്ങൾക്കറിയാമെന്ന് ഇപ്പോൾ താങ്കൾ പറയുന്നു. അമീറിന്റെ പ്രഖ്യാപനം ശിരസാവഹിച്ച് വർഷങ്ങളോളം താങ്കളെന്തിന് പണിയെടുത്തു ? എന്താണ് ജനങ്ങൾ മനസ്സിലാക്കിയ സ്വഭാവം ?.

(ബി) നേരത്തെ ജമാഅത്തെ ഇസ്ലാമിയോട് സ്വീകരിച്ച നിലപാട് തന്നെയായിരിക്കും പുതിയ പാർട്ടിയോടും സ്വീകരിക്കുക. വലിയ ഒരായുസ്സൊന്നും പുതിയ പാർട്ടിക്കുണ്ടാവില്ലെന്നും താങ്കൾ ദീർഘദർശനം ചെയ്യുന്നു.

ജമാഅത്തിനോട് പൊതു സമൂഹം സ്വീകരിച്ച നിലപാട് തന്നെ പുതിയപാർട്ടിയോടും സ്വീകരിക്കുകയാണെങ്കിൽ മനസിലാക്കാനാവുക ദീർഘായുസുണ്ടാവും എന്ന് തന്നെയല്ലേ ?. കേവലം 75 ആളെ വെച്ച് ഇന്ത്യയിൽ ജമാഅത്തെ ഇസ്ലാമി രൂപീകരിക്കുന്ന സമയത്ത് മുസ്ലിംലീഗ് സർവ്വേന്ത്യാ തലത്തിൽ വ്യാപിച്ചു കിടക്കുന്ന ഒരു പ്രസ്ഥാനമായിരുന്നില്ലേ ഇന്ന്. അഖിലേന്ത്യാതലത്തിൽ ജമാഅത്തിന്റേയും മുസ്ലിംലീഗിന്റേയും സ്ഥിതി പരിശോധിച്ചുനോക്കു. കേരളസംസ്ഥാന രജിസേട്രഷനുളള അഖിലേന്ത്യാ പാർട്ടിയാണെങ്കിലും കാണണമെങ്കിൽ മലപ്പുറംജില്ലയിലെത്തേണ്ടേ ? ബോൺസായി മരം പോലെ എന്ത് കൊണ്ട് താങ്കളുടെപുതിയപാർട്ടിമുരടിച്ചുപോയി ?.

(സി) സാമൂഹ്യ രാഷ്ട്രീയ രംഗത്ത് ജമാഅത്ത് നടത്തിയ ഇടപെടലുകൾ പൊതു സമൂഹത്തിൽ സംഘടനയുടെ മതിപ്പ് വർദ്ധിക്കാൻ കാരണമായി എന്ന്ആദ്യം ശബാബ് അഭിമുഖത്തിൽ പറഞ്ഞ ആളാണ് ചന്ദ്രികയിലെത്തുമ്പോൾ പൊതു സമൂഹം നിരാകരിക്കുമെന്നും വലിയ ആയുസൊന്നും ഉണ്ടാവില്ലെന്നും വെച്ച്കാച്ചുന്നത് !

കേരളത്തിൽ നിലവിലുളള മുന്നണികൾക്ക് ബദലാവുക എന്നൊക്കെ പറഞ്ഞാൽ കേൾക്കുന്നവർ പൊട്ടിച്ചിരിക്കുമത്രേ.

അഖിലേന്ത്യാതലത്തിലും കേരളത്തിലും മുന്നണികൾക്ക് ബദലാകാൻ പലരുംശ്രമിച്ചിട്ടുണ്ട്. കേന്ദ്രത്തിൽ ചില പരീക്ഷണങ്ങൾ വിജയിച്ചിട്ടുമുണ്ട്. ജമാഅത്ത് പ്രത്യക്ഷ ഇടപ്പെടലുകൾ നടത്താൻ ഉദ്ദേശിക്കുന്നതിന് മുൻപ് പല പാർട്ടികളും ഈ ലക്ഷ്യം മുന്നിൽ വെച്ച്കൊണ്ട് രംഗത്ത് വരികയുണ്ടായിട്ടുണ്ട്. അന്നൊന്നും കേരളം മുഴുക്കെ ചിരിയുടെ സുനാമി രൂപപ്പെട്ടതായി അറിവില്ല. കഴിഞ്ഞ

7 വർഷമായി കക്ഷിരാഷ്ട്രീയ മുന്നണികൾ കയ്യൊഴിഞ്ഞ ജനകീയ പ്രശ്നങ്ങളിൽ ഇടപട്ട് കൊണ്ട് കേരളീയ സമൂഹത്തിൽ സക്രിയമായ ജനകീയ ബദലാകുവാൻ ജമാഅത്തിനും സോളിഡാരിറ്റിക്കും കഴിഞ്ഞതിനാൽ മുന്നണി രാഷ്ട്രീയത്തിന് ദീർഘായുസുണ്ടാവില്ലെന്നു ചിന്തിക്കുന്നവർക്ക് തിരിച്ചറിയാനാവുന്നുണ്ട്. മുന്നണി രാഷ്ട്രീയം സ്ഥായിയാണെന്നും മാറ്റത്തിന് വിധേയമാവില്ലെന്നും കവടി നിരത്തുവാൻ ഈ കാണിയാന് കഴിയുന്നത് പ്രാഥമിക രാഷ്ട്രീയത്തിന്റെ പ്രായോഗികതയിലൂടെ കടന്ന്പോവാതെ പൊളിറ്റിക്കൽ സെക്രട്ടറിയായതിന്റെ ഗുണംതന്നെയാണ് ! എഴുപതുകളിൽ കോൺഗ്രസ് കേന്ദ്രത്തിൽ അധികാരത്തിൽ നിന്ന് പുറത്താവുമെന്നും, ഉപ്പ് വെച്ച കലം പോലെയാകുമെന്നും, അല്ലെങ്കിൽ കോൺഗ്രസ് വിരുദ്ധ രാഷ്ട്രീയത്തിന് നേതൃത്വം നൽകിയിരുന്ന ജയപ്രകാശ് നാരായണനെപോലുള്ളവരുടെ പ്രഖ്യാപനങ്ങളും പ്രവർത്തനങ്ങളും അടുത്തറിയാൻ നമ്മുടെ പൊളിറ്റിക്കൽ സെക്രട്ടറിക്ക് അവസരം ലഭിച്ചിരുന്നു വെങ്കിൽ ഇദ്ദേഹം ചിരിച്ചു ചിരിച്ച് മണ്ണ് കപ്പി മരിച്ച് പോയേനെ. അല്ലാ സുഹൃത്തേ, എത്രയെത്ര ചെറു സംഘങ്ങളാണ് വൻ സംഘങ്ങളെ കീഴ്പ്പെടുത്തിയിട്ടുള്ളത് എന്ന ഖുർആനിക പരാമർശത്തിൽ ഒരു ഖുത്തുബതന്നെ കൽപ്പറ്റയിൽ നടത്തിയത് താങ്കൾ മറക്കാൻ ശ്രമിക്കുകയാണെങ്കിലും.ഓർമ്മയുള്ളവർ ജീവിച്ചിരിപ്പുണ്ടെന്നറിയുക. ഖുർആനിനേയും, ഇസ് ലാമിക സമൂഹത്തിന്റെ ക്രമാനുഗതമായ വളർച്ചയുടെ ചരിത്രത്തേയുമാണ് താങ്കൾ ഇവിടെ നിഷേധിക്കുന്നത്. കേൾക്കുന്നവർ പൊട്ടിചിരിക്കുമെന്ന് പരിഹസിക്കുന്ന താങ്കളുടെ മനസിൽ പതയുന്ന ആചിരിയുണ്ടല്ലോ അത് നൂറ്റാണ്ടുകൾക്ക് മുൻപ് ഇസ്ലാമിന്റെ ശത്രുക്കൾ ചിരിച്ച ചിരിയുടെ തനിയാവർത്തനം തന്നെയെന്ന് തിരിച്ചറിയാൻ അൽപ്പം ചരിത്രബോധം മതി.

ജമാഅത്തിന് ഒരു നേതൃത്വം-അതിന്റെ രാഷ്ട്രീയപാർട്ടിക്ക് മറ്റൊരു നേതൃത്വം- ആശയപരമായ പരാജയമായി നിങ്ങൾ വിലയിരുത്തുന്നു.

രണ്ടിനും ഒരു നേതൃത്വ മാണ് വേണ്ടത് എന്ന് താങ്കൾക്ക് അഭിപ്രായമുണ്ടായിരുന്നുവെങ്കിൽ തദ്ദേശ തിരഞ്ഞെടുപ്പിൽ ജമാഅത്തുകാരല്ലാത്തവരേയും കൂട്ടി വികസന സമിതികളുണ്ടാക്കുകയും, സംസ്ഥാനതലത്തിൽ ജോയ്കൈതാരം പോലുള്ളവരെയും ഉൾപ്പെടുത്തി കോഡിനേഷൻ കമ്മറ്റിയുണ്ടാക്കി പ്രവർത്തിച്ചത് എന്തിനായിരുന്നു ? അന്ന് തോന്നിയില്ലേ പൊളിറ്റിക്കൽ സെക്രട്ടറിക്ക് ഇത് ദീനും ദുനിയാവും രണ്ടാക്കലാണെന്ന് ?.

ഉദാഹരണങ്ങൾ സഹിതം വിശദീകരിച്ചാൽ പലതും ത്കളെ തിരിഞ്ഞ് കുത്തും. മത ജിവിതത്തിലൂടെ കടന്ന് വന്ന്, വൃത്തികെട്ട കഥകൾ അന്തരീക്ഷ മലിനീകരണം നടത്തുന്ന ഒരു പൊതു ജീവിത പച്ചപ്പിലേക്ക് കൂപ്പുകുത്തിയ ഒരാളുടെ വിതണ്ഡ വാദങ്ങളായി മാത്രമേ ഇതുവരെ വന്ന അഭിമുഖങ്ങളിലെ നിഗമനങ്ങളെ കാണാൻ കഴിയു.

ആക്ടിവിസത്തിന്റെ ആധിക്യം സോളിഡാരിറ്റി-ജമാഅത്ത് പ്രവർത്തകരുടെ ആത്മീയതയിൽ വൻ ഇടിവുണ്ടാക്കി, മാനസികമായി പരുവപ്പെടാത്ത പുതിയ പ്രവർത്തകരെ നയിക്കാൻ നേതൃത്വത്തിനാവുന്നില്ല. എന്നൊക്കെയാണ് സാഹിബിന്റെ പുതിയ വർത്തമാനങ്ങൾ. ഉദാഹരണമായി തദ്ദേശതിരഞ്ഞെടുപ്പിലെ ചില പ്രവർത്തനങ്ങളെ വിലയിരുത്തിയാണ് ഇദ്ദേഹം ഇങ്ങിനെ പറയുന്നത്.
ഓരോ പ്രദേശത്തേയും പൊതു പ്രവർത്തകരെ ഉൾപ്പെടുത്തി ചില മൂല്യാധിഷ്ഠിത മുദ്രാവാക്യങ്ങളുടെ ബാനറിൽ താൽകാലിമായി തട്ടിക്കൂട്ടിയ വികസന സമിതികളാണ് മത്സരരംഗത്തുണ്ടായിരുന്നത്. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെ പ്രായോഗിക പ്രവർത്തനത്തിന് മാനസികമായി പാകപ്പെടാത്ത ജമാഅത്ത്കാരും സോളിഡാരിറ്റിക്കാരും, ജനകീയരാഷ്ട്രീയ നിലപാടുകളോടുള്ള പ്രതിബദ്ധത മാത്രം കൈമുതലായി രംഗത്തിറങ്ങിയ പൊതുപ്രവർത്തകരും കൂടിയാവുമ്പോൾ സ്കലിതങ്ങൾ സംഭവിക്കുക സ്വാഭാവികം. തങ്ങൾക്ക് തീർത്തും അപരിചിതമായ മേഖലയിലെ തിരക്കേറിയ പ്രവർത്തനങ്ങൾക്കിടയിൽ അരഡസൻ അപഭ്രംശങ്ങളെങ്കിലുമുണ്ടായി എന്ന് പറയാനല്ലേ താങ്കൾക്ക് കഴിയുന്നുള്ളു. ആളുകളുടെ ഈമാൻ ഏറ്റക്കുറച്ചിലുകൾക്ക് വിധേയമാവുമെന്നും നിരന്തരം രാകിമിനുക്കേണ്ടതുന്നെന്നും അറിയാത്ത ആളല്ലല്ലോ താങ്കൾ.

നിരന്തരം പ്രശനങ്ങളെ അഭിമുഖികരികുകയും ഇടപഴകുകയും ചെയ്യുമ്പോഴാണ് ഈമാനിന്റെ മാറ്റ് വർദ്ധിക്കുക. വിമർശനവും സ്വയം വിമർശനവും നടത്താതെ ഈമാനിന്റെയും ആത്മീയതയുടെയും അളവ്നിലനിർത്താമെന്ന് താങ്കളൊഴികെ ആരും വ്യാമോഹിക്കുന്നില്ല. വൈയക്തിക പ്രതിസന്ധിക ളിൽ പെട്ടുഴന്ന് ബ്ലഡ്പ്രഷർകൂടുന്നത് പോലെ ഈമാനിന്റേയും ആത്മീയതയുടെയും അളവ് വർദ്ധിച്ച് സഹപ്രവർത്തകർക്കാർക്കുമൊരു സൂചനയും നൽകാതെ രാജിവെച്ച് പോയ താങ്കൾക്ക് തന്നെയാണ് ആദർശ പ്രസ്ഥാനത്തിന്റെ ആത്മീയതയ്ക്കും ഈമാനിനും ചോർച്ച സംഭവിച്ചുവെന്ന് പറയാനർഹത. സമുദായ രാഷ്ട്രീയ പാർട്ടിയുടെ നേതൃത്വത്തിന്റേയും പ്രവർത്തകരുടേയും ഈമാനിന്റെയും ആത്മീ യതയുടേയും ഗ്രാഫ് കുത്തനെ ഉയരുന്നത് കണ്ടാണല്ലോ ജമാഅത്തിൽ നിന്ന് സ്വയം ചോരാൻ തീരുമാനിച്ചത്. ഉയരുന്ന അത്മീയതയുടെ ചൂര് നീണ്ട 15 വർഷമായി സമൂഹ ഗാത്രത്തെ വിടാതെ പിൻതുടരുകയാണ്. ദീനും ദുനിയാവും രണ്ടാണെന്ന് പറയുന്ന താങ്കളുടെ പഴയ മതസംഘടന രണ്ടാ യപ്പോൾഉണ്ടായ ആത്മീതയുടേയും ഈമാനിന്റേയും പരസ്പരമുളള കുത്തൊഴുക്ക് അനുഭവിച്ചറി ഞ്ഞവരല്ലേ മലയാളികൾ. ഇവരിൽ പെടുന്നവരുടെ ഏതെങ്കിലും പളളിയിൽ ക്രമസമാധാനപ്രശ്നം ഭയപ്പെടാതെ ഒരു ജുമുഅക്കെങ്കിലും പോകാനാവുമോ. സാമൂഹ്യ വിരുദ്ധർ പോലും പറയാനറ ക്കുന്ന ആരോപണങ്ങളുടെ ഭാണ്ഡങ്ങളഴിച്ച് ആത്മീയതയേയും ഈമാനിനേയും സ്വയം വെളിപ്പെടു ത്തിയവരുടെ പക്ഷത്ത് നിന്ന്കൊണ്ട് സമാനതകളില്ലാത്ത ആദർശ പ്രസ്ഥാനത്തെ ചളിവാരിയെറി യുന്നത് ആരുടെ കയ്യടി നേടാനാണ്.

ജമാഅത്തെ ഇസ്ലാമിയുടെ കേഡർ സ്വഭാവത്തിന്റെ മതപരമായ വശം പരിശോധിക്കപ്പെട ണമെന്നും സംഘടനയ്ക്കപ്പുറമുളള എല്ലാറ്റിനോടും അസഹിഷ്ണതയുണ്ടാക്കുന്ന സംഘടനാ പക്ഷ പാതിത്വമുണ്ടാവുന്നത് ഈ കേഡർഘടന മൂലമാണെന്നും ഇദ്ദേഹം വിലയിരുത്തുന്നു. ഉദാഹരണ മായി ചുണ്ടിക്കാണിക്കുന്നത് സംഘടനവിട്ടശേഷം വന്ന ഫോൺ കോളുകളും എസ്,എം.എസ്കളു മാണ്.അപ്രതീക്ഷിതമായ് നേതാക്കൾ സംഘടനവിടുമ്പോൾ അണികൾ പ്രകോപിതരാവുന്നത് കക്ഷി രാഷ്ട്രീയക്കാരിൽ കണ്ടുവരാറുളള പ്രവണതയാണ്. കൊല്ലപ്പെടുകയോ ജീവചഛവങ്ങളായി മാറേ ണ്ടിവരികയോ ചെയ്ത ഉദാഹരണങ്ങൾ കേരളത്തിൽ ധാരാളം. ഇതേ സ്വഭാവമുണ്ടായിരുന്ന ഒരു ഭൗതിക കേഡർ പ്രസ്ഥാനത്തിൽ ദീർഘകാലം പ്രവർത്തിച്ച ഒരാളെന്ന നിലയ്ക്ക് എന്റെ വായനാനു ഭവത്തിൽ പോലും ജമാഅത്തിൽ പാർട്ടിവിട്ടവർക്ക് നേരെയോ വ്യത്യസ്ഥ ആശയം വെച്ച് പുലർത്തു ന്നവർക്ക് നേരെയോ അസഹിഷ്ണുതയോ കയ്യേറ്റമോ ഉണ്ടായതായി അറിവില്ല. ആശയതലത്തിൽ ആരെയും നേരിടാവുന്ന ബൗദ്ധിക ശേഷി തെളിയിച്ചിട്ടുളള ഒരു പ്രസ്ഥാനമായത്കൊണ്ട് ഭീരുക്ക ളുടെ ശൈലി സ്വീകരിക്കേണ്ടതില്ലല്ലോ. വർഷങ്ങളോളം ഒന്നിച്ചു കഴിഞ്ഞ ഒരു സഹോദരൻ ആരോടും പറയാതെ ചതിപ്രയോഗത്തിലൂടെ പുറത്ത് പോയത് വിളിച്ചന്വേഷിക്കുന്നത് സ്വാഭാവികം. സ്നേഹാ ന്വേഷണം പോലും പാടില്ലാതെ മൗനികളാകുന്നതണത്രേ ഇദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ശരിയായ തർബ്ബിയത്ത് ! ഇന്നിദ്ദേഹം ജമാഅത്ത് വിരുദ്ധരുടെ ചട്ടുകമായി സ്വാതന്ത്ര്യബോധത്തോട് കൂടി ഊരുചുറ്റുന്നത് തന്നെ ജമാഅത്തിന്റെയും സോളിഡാരിറ്റിയുടെയും സഹിഷണുതയ്ക്ക് തെളി വായി ചൂണ്ടിക്കാട്ടാൻ കഴിയും .നേരമറിച്ച് അഭയം തേടിയിട്ടുളള മുസ്ലിംലീഗിൽ നിന്നാണ് ഇത്ത രമൊരു രാജിയെങ്കിൽ ഹമീദ് സാഹിബ് നേരിടേണ്ടിവരുമായിരുന്ന പുകില് ആലോചിക്കാൻ പോലും പ്രയാസം.

മത-രാഷ്ട്രീയരംഗത്ത് പ്രവർത്തിക്കുന്ന അയഞ്ഞ ചട്ടക്കുടുളള കേഡർ സ്വഭാവമില്ലാത്ത സംഘ ടനകളിൽനിലനിൽക്കുന്ന അസഹിഷണുതയുടേയും വിദ്വേഷത്തിന്റേയും അംശപോലും ജമാഅ ത്തിലൊ അനുബന്ധ സംഘടനകളിലോ ഇല്ലെന്ന് അതിന്റെ നാൾ വഴിതന്നെ തെളിവ്. ജമാഅത്ത് വിരോധം സ്റ്റേജിലും പേജിലും വിസർജിച്ചുകൊണ്ട് ഓടിനടക്കുന്ന ഹമീദ് സാഹിബ് തന്നെയല്ലേ അസഹിഷ്ണുതയുടെ മാതൃക. വ്യക്തിയായാലും സംഘടനയായാലും അന്യന്റെ കുറ്റങ്ങളും കുറ വുകളും കണ്ടെത്തി പറഞ്ഞുനടക്കുന്നതാണ് അസഹിഷ്ണുതയുടെ രീതി. മൗലികമായനിലപാടു കൾ

അവതരിപ്പിക്കാനില്ലാത്ത സംഘടനകളും വ്യക്തികളുമാണ് ഏത്വേദിയിലും ആദർശ പ്രസ്ഥാനങ്ങളെ കടന്നാക്രമിക്കുന്നത്. ഇതിന് ഏറ്റവും വലിയ തെളിവാണ് കേരളത്തിലെ ഇരു മുജാഹിദുകളും. ഇതൊന്നും ഹമീദ് സാഹിബിന് തിരിച്ചറിയാൻ കഴിയാത്തതല്ല . കക്ഷിരാഷ്ട്രീയ തിമിരവും വ്യാമോഹവും വൈയക്തിക തകർച്ചയിൽ നിന്നുളള രക്ഷപ്പെടലും അഭയസങ്കേതത്തിൽ കസേരയുറപ്പിക്കാനുളള തത്രപ്പാടുമാണ് ഇദ്ദേഹത്തെ ഭരിക്കുന്നത്.

വിമർശകരെ ശത്രുക്കളായി ജമാഅത്ത് കാണുന്നു എന്നാണ് മറെറാരു പരാതി. ആശയത്തെ ആശയംകൊണ്ട് നേരിടുന്ന ശൈലി ജനാധിപത്യപരമായി രൂപപ്പെടുത്തിയത് ഒരു പക്ഷേ കേരളത്തിൽ ജമാഅത്തെ ഇസ്ലാമിയായിരിക്കുമെന്ന് ഞാൻ കരുതുന്നു. വിലകുറഞ്ഞതും തനിക്ക് തന്നെ തിരിച്ചടിക്കുന്നതുമായ ആരോപണങ്ങൾ ഉന്നയിക്കുമ്പോഴും സഹോദരൻ ഹമീദ് സാഹിബ് എന്ന് സംബോധന ചെയ്യാനേ ജമാഅത്ത് അമീർ പോലും തയ്യാറായിട്ടുളളു എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. ആരെയും ആക്ഷേപിക്കുന്നതോ സ്വഭാവഹത്യ ചെയ്യുന്നതോ ജമാഅത്തെ ഇസ്‌ലാമിയുടെ ശൈലിയല്ലാത്തത് കൊണ്ടായിരിക്കാം ഇങ്ങിനെ. ഹമീദ് സാഹിബ് ഒന്നോർക്കണം. വേറേതെങ്കിലും പാർട്ടിയിലായിരുന്നുവെങ്കിൽ ഈരാജിയുടെ പേരിൽ പരസ്പരമുളള ചളിവാരിയെറിയലുകൾ ദിവസങ്ങളോളം നമുക്ക് കാണേണ്ടി വന്നേനെ.

ഈ രാജി പ്രഖ്യാപനം സംഘടനയ്ക്കകത്തും സമൂഹത്തിലും വലിയ പ്രകമ്പനമുയർത്തുമെന്നും, മാധ്യമങ്ങളിൽ നിരന്തരം ചർച്ചയാവുമെന്നും,ജമാഅത്തുകാർ ഇദ്ദേഹത്തിനെതിരെ പ്രകോപിതരാകുമെന്നും, ഇത് തനിക്ക് മെച്ചപ്പെട്ട മൈലേജ് നൽകുമെന്നും മുൻപേ കണക്ക്കൂട്ടി മനക്കോട്ട കെട്ടിയ വാണിമേലിനും കോണിക്കാർക്കും അങ്ങിനെയൊന്നും സംഭവിക്കാത്തതിലെ ജാള്യമാണ് ഇത്തരം വിമർശനങ്ങൾക്ക് പിന്നിലെന്ന് ഞാൻ ന്യായമായും കരുതുന്നു.

സമുദായത്തിനകത്ത് നിന്ന് തന്നെയുളള വിമർശനങ്ങളെയാണത്രേ ജമാഅത്ത് ഏറ്റവുംമധികം ഭയക്കുന്നത്. ഈ ഭയം കൂടുതലനുഭവിച്ച ആളായിരിക്കണമല്ലോ ഹമീദ് സാഹിബ്. ഇത് കൊണ്ടായിരിക്കണം ഭീരുക്കളുടെ ഇടയിൽ നിന്ന് ധീരമാരുടെ കൂടാരത്തിലേക്ക് ചുവട്മാറിയത്. ജമാഅത്തിനെതിരെ ഭീകരവാദ-തീവ്രവാദ പ്രയോഗങ്ങൾ നടത്തുന്ന മുനീർ-ഷാജിമാരെ ഒറ്റുകാരുടെ ലേബലിലാക്കുന്നത് ഈ ഭയംമൂലമാണത്രേ. ജിവിതംകൊണ്ടും കർമ്മംകൊണ്ടും ബൗദ്ധിക നിലവാരം കൊണ്ടും നിലപാടുകൾ കൊണ്ടും കരുത്ത് തെളിയിച്ച ജീവത്തായ പ്രസ്ഥാനമായത് കൊണ്ടാണ് വിമർശകർ എത്ര ഒച്ചവെച്ചിട്ടും“ വണിക്കുകൾ ”സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നത്. വിമർശകരുടെ എണ്ണം വർദ്ധിക്കുന്നതിൽ ജമാഅത്തിൽ ആർക്കും എതിർപ്പുണ്ടാവുമെന്നും തോന്നുന്നില്ല.

പരസ്പരവിരുദ്ധമായ കാര്യങ്ങൾ ഒരേ അഭിമുഖത്തിൽ തന്നെ വരുന്നത് തന്നെ വിമർശനങ്ങളുടെ മുനയൊടിക്കുന്നതാണ്. സമുദായത്തിലും പൊതുസമൂഹത്തിലും ജമാഅത്തിന് ഒട്ടും സ്വീകാര്യതയില്ലെന്ന് ഒരിടത്ത് പറയുന്ന ഇദ്ദേഹം 1988 ന് ശേഷം ജമാഅത്തെ ഇസ്ലാമിയുടെ പബ്ലിക് റിലേഷൻ ഏറ്റവും ഫലപ്രദമാവുകയും രാഷ്ട്രീയ-സാമൂഹ്യ-സമുദായ രംഗത്തെ വ്യത്യസ്ഥ ആളുകളുമായി സൗഹൃദം പങ്ക് വെക്കാനും ആശയംകൈമാറാനും കഴിഞ്ഞുവെന്ന് മറെറാരു ചോദ്യത്തിനുത്തരമായി പറയുന്നു.

ജമാഅത്തെ ഇസ്‌ലാമിയുടെ തിരഞ്ഞെടുപ്പ് നയങ്ങൾ ക്രോഡീകരിച്ചാൽ അത് ലോകത്തെ ഏറ്റവും കൂടുതൽ വൈരുദ്ധ്യങ്ങളുളള ഗ്രന്ഥമായിരിക്കുമെന്ന് ഹമീദ് സാഹിബ് ഏറ്റ്പിടിച്ച് അടിവരയിടുന്നു.

അടിയന്തിരാവസ്ഥയുടെ അന്ത്യഘട്ടത്തിലെ തിരഞ്ഞെടുപ്പിലാണ് ജമാഅത്ത് ആദ്യമായി വോട്ട് രേഖപ്പെടുത്താൻ തീരുമാനിച്ചത് . ഫാസിസ്റ്റ് വിരുദ്ധ ഉളളടക്കമുളള ജനാധിപത്യപരമായി പ്രവർത്തിക്കുന്ന ഏതൊരു സംഘടനയും സ്വീകരിക്കുന്ന നിലപാടായിരുന്നു അത്. 80 കൾക്ക് ശേഷം നടന്ന തിരഞ്ഞെടുപ്പുകളിൽ വസ്തുനിഷ്ഠ സാഹചര്യങ്ങളുടെ വസ്തുനിഷ്ഠ വിശകലനത്തിലൂടെ സാമ്രാജ്യത്വ വിരുദ്ധ-ഫാസിസ്റ്റ് വിരുദ്ധ ഫ്ളാറ്റ്ഫോമിൽ നിന്ന് കൊണ്ട് അത് അതിന്റെ തിരഞ്ഞെടുപ്പ്

നയം രൂപപ്പെടുത്തി. ഇത് വൈരുദ്ധ്യങ്ങൾ നിറഞ്ഞതായിരുന്നുവെന്ന് ഹമീദ് സാഹിബിന് ഇപ്പോൾ വെളിപാട് വന്നത് പുതിയ യജമാനനോട് കൂറുപുലർത്താനുള്ള പുരപ്പുറം തൂക്കലാണ്.

ഏകദേശം 5000ത്തോളം പേജ് വരുന്ന മലയാളത്തിലെ ബൃഹത് ഗ്രന്ഥം ഞാൻ വായിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇതിനേക്കാൾ പേജുകളുള്ള ഗ്രന്ഥങ്ങൾ മറ്റു ഭാഷകളിലും കാണുമായിരിക്കും. ലോകത്ത് ഇപ്പോൾ നിലവിലുള്ള ബൃഹത്തായ ഗ്രന്ഥംഏതെന്ന് അറിവില്ല. അറിയാൻ താൽപര്യവുമില്ല, ജമാഅത്ത് വൈരുദ്ധ്യങ്ങൾ ക്രോഡീകരിച്ച് ഗ്രന്ഥ രചന നടത്താൻ പോകുന്ന ഹമീദ്സാഹിബിന് അതറിയാൻ ഗിന്നസ് അധികൃതരുമായി ബന്ധപ്പെടാവുന്നതുമാണ്. ഒരു 10,000 പേജെങ്കിലും ഈ പുതിയ ഗ്രന്ഥത്തിനുണ്ടാവുമെന്ന് സങ്കൽപ്പിക്കുക. 1977 മുതലാണ് തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ ജമാഅത്ത് തീരുമാനിക്കുന്നതെന്ന് നേരത്തെ പറഞ്ഞല്ലോ. 2011 വരെ എത്ര തിരഞ്ഞെടുപ്പുകൾ നടന്നുവെന്ന് കണക്കെടുക്കുക. ജമാഅത്തിന്റെ തെരെഞ്ഞെടുപ്പ് നയവൈരുദ്ധ്യങ്ങൾ മനസിലാക്കാതെയായിരിക്കില്ലല്ലോ 88 ൽ ഇദ്ദേഹം ജമാഅത്തിൽ ചേർന്നത്. ചേരുന്നതുവരെയുള്ള ഒന്നാംഭാഗത്തിന് 5000 പേജെങ്കിലും നീക്കിവെക്കുക. (വൈരുദ്ധ്യങ്ങൾ മൂർച്ചിപ്പിക്കാനായിരുക്കമോ ജമാഅത്തിൽ ചേർന്നിട്ടുവുക !)

രണ്ടാംഘട്ടത്തിൽ 88ന് ശേഷം കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പുവരെ പേജുകളുടെ എണ്ണം 9000 മെങ്കിലുമാകാൻ സാധ്യതയുണ്ട്. പിന്നീട് നടന്ന തദ്ദേശതിരഞ്ഞെടുപ്പിൽ ആർക്കും പിന്തുണകൊടുക്കാതെ സ്വയം മുന്നണികളുണ്ടാക്കി മത്സരിക്കുകയായിരുന്നവല്ലോ. അതിൽ വൈരുദ്ധ്യങ്ങൾ ഉണ്ടാകാൻ ഇടയില്ല. എങ്കിലും മഹത്തായ ഈ ഗ്രന്ഥത്തിലേക്ക് 600 പേജ് സംഭാവന നൽകാം ബാക്കി 400 പേജിലൊതുങ്ങുന്നതാണ് ഇദ്ദേഹത്തിന്റെ രാജിക്ക് കാരണമായ നിലപാടെടുത്ത 2011ലെ നിയമസഭാതിരഞ്ഞെടുപ്പ്. 88 മുതൽ കഴിഞ്ഞ തെരഞ്ഞെടുപ്പു. വരെ പ്രത്യക്ഷമായും ഈ വൈരുദ്ധ്യങ്ങൾക്കൊപ്പം നിൽക്കുകയും വിജയിപ്പിക്കാൻ പണിയെടുക്കുകയും ചെയ്ത ആൾക്ക് ബോധോദയം വന്നത് ഇപ്പോഴാണെന്നത് തന്നെ ചികിത്സ ആവശ്യമായ വിസ്മയകരമായ വൈരുദ്ധ്യമാണ്.

ഇനി ജമാഅത്തിന്റെ വോട്ടിന്റെ കണക്ക്.ജമാഅത്തിന് ഉള്ളതും സ്വാധീനിക്കാൻ കഴിയുന്നതുമായ വോട്ടുകളുടെ എണ്ണം കേരളത്തിൽ ഒന്നേകാൽ ലക്ഷം മാത്രമേയുള്ളുവെന്നു തദ്ദേശ തിരഞ്ഞെടുപ്പോടെ ബോധ്യപ്പെട്ടത്രേ. തെരഞ്ഞെടുപ്പ് വിശാരദൻമാരായ കക്ഷിരാഷ്ട്രീയ പ്രമാണിമാരിലേക്കാണല്ലോ ഈ പുത്തൻ കണക്കപിള്ള കാലെടുത്ത് വെക്കുന്നത്. 10000 ത്തോളം ത്രിതലസിറ്റുകളിൽ ആറിലൊന്ന് മത്സരിച്ചപ്പോഴാണ്1 .25 ലക്ഷം വോട്ടുകൾ വികസന സമിതികൾക്ക് നേടാനായത്. ബാക്കി സീറ്റുകളിൽ ജമാഅത്തിനോ, അതിന് സ്വാധീനിക്കാൻ കഴിയുന്നതോ, ബദൽ ജനകീയ രാഷ്ട്രീയത്തിൽ തൽപ്പരരായവരുടേതോ ആയവോട്ടുകൾ ഒന്നുമില്ല ഈ കണക്കിൽ . എങ്ങിനെയുണ്ട് വാണിമേലിന്റെ വാലിന്മേലിലെ കണക്ക് ബുദ്ധി.

ശബാബ് അഭിമുഖത്തിൽ അവസാനം ഭാവി പരിപാടി ?. എന്ന കോളത്തിൽ ഇങ്ങിനെ പറയുന്നു.

1. പെട്ടെന്ന് ഒരു സംഘടനാമാറ്റം ഉദ്ദേശിക്കുന്നില്ല. സാവധാനം ആലോചിച്ച് തീരുമാനിക്കും (ഒരാഴ്ച കഴിയുന്നതിന് മുൻപ് മുസ്‌ലീംലീഗിൽ ചേർന്നു).
2. നിലവിലുള്ള സംഘടിത മുസ്‌ലീം രാഷ്ട്രീയപാർട്ടിയെ ശക്തിപ്പെടുത്താനുള്ള ശ്രമം നടത്തും. (ഇതല്ലേ സാഹിബേ സംഘടനാമാറ്റം. ഇനിയെന്ത് ആലോചിച്ച് തീരുമാനിക്കാനാ)
3. പാർലമെന്ററി താൽപര്യമില്ല.
   (പഴയ പൊളിറ്റിക്കൽ സെക്രട്ടറി കേരളത്തിലെ തലമുതിർന്ന കക്ഷിരാഷ്ട്രീയ നേതാക്കളുമായി നിൽക്കുന്ന ചിത്രങ്ങൾ സൂക്ഷിച്ച് വെച്ച് രാജിവെച്ച പിറ്റേന്ന് ശബാബുകാരന് അച്ചടിക്കാൻ നൽകിയപ്പോൾ തന്നെ ബോധ്യമായി)

4. ദിവസം 18 മണിക്കൂർ ജോലിച്ചെയ്യുന്ന ഞാൻ വെറുതെയിരിക്കില്ല.
( എന്തായിരുന്നു ജോലി ? നല്ലൊരു സംഖ്യ നിക്കിയിരിപ്പുണ്ടാവും ! )
5. എല്ലാം തെളിയട്ടെ.
(കലക്കാൻ നോക്കി കലങ്ങിയില്ല. പിന്നെന്ത് തെളിയാനാണ്)
6. വായനക്കും എഴുത്തിനും സമയം നീക്കിവെക്കും
(വൈരുദ്ധ്യങ്ങൾ നിറഞ്ഞ ഗ്രന്ഥം ക്രോഡീകരിക്കാൻ തന്നെ ഏറെ സമയം വേണ്ടിവരുമല്ലോ)
7. സമുദായത്തിനും സമൂഹത്തിനും വേണ്ടി കുറച്ചെന്തെങ്കിലും ചെയ്യണമെന്നുണ്ട്.
(22 വർഷം നഷ്ടപ്പെടുത്തി. കുറച്ചാക്കണ്ട കുടുതൽ തന്നെ സ്വീകരിക്കാൻ സമൂഹവും സമൂദായവും സന്നദ്ധമാണ്).
8 അഭിപ്രായ വ്യത്യാസങ്ങൾ നിലനിർത്തികൊണ്ട് യോജിക്കാൻ പറ്റിയ മേഖലയിൽ (ജമാഅത്തുമായിട്ടായിരിക്കും !) യോജിച്ച് പ്രവർത്തിക്കും (നന്ദിയുണ്ട് സഖാവെ നന്ദിയുണ്ട് )

അഭിമുഖക്കാരനായ ലീഗുകാരനെ സുഖിപ്പിക്കുന്നതും അഭിപ്രായങ്ങളെ ശരിവെക്കുന്നതുമാണ് ചന്ദ്രിക ദിനപത്രത്തിലെ രണ്ട് ലക്ക അഭിമുഖം. ഉത്തരം വാണിമേലിന്റേത് അല്ലായെന്ന് സംശയിക്കുകയും ചെയ്യാം.

"ജമാഅത്തിന്റെ ന്യൂനപക്ഷരാഷ്ട്രീയത്തിനും പരിസ്ഥിതി വികസന രാഷ്ട്രീയത്തിനും ഒരു പ്രസക്തിയുമില്ല."

ഇത് ബോദ്ധ്യമാവണമെങ്കിൽ തദ്ദേശ തിരഞ്ഞെടുപ്പ് സമയത്ത് ജനകീയ രാഷ്ട്രീയത്തെ കുറിച്ചുളള.ഇദ്ദേഹത്തിന്റെ ലേഖനങ്ങളും ചാനലുകളിലെ ചർച്ചകളും വീണ്ടും വായിക്കേണ്ടിവരും.

"ഇനി ഇന്ത്യയിൽ ജമാഅത്തെ ഇസ്‌ലാമിക്ക് ഒരു റോളുമില്ല. അത് ഒരു രാഷ്ട്രീയ പാർട്ടിയായി സ്വയം രൂപാന്തരം പ്രാപിച്ചുകഴിഞ്ഞു. ജമാഅത്തെ ഇസ്‌ലാമിയുടെ ലക്ഷ്യം നിറവേററാൻ മറ്റൊരു ഇസ്‌ലാമിക പ്രസ്ഥാനം രൂപപ്പെടുകയേ ഇനി നിർവ്വാഹമുളളു." -ഹമീദ്

ശരിയാണ് വാണിമേൽ വിട്ടതോടുകൂടി അവസാന റോളും കഴിഞ്ഞിരിക്കുന്നുവെന്ന് സാരം. ഒരു രാഷ്ട്രീയ പാർട്ടിയായി മാറാൻ അതിന്റെ മതപശ്ചാത്തലവും ഭരണഘടനയുമാണ് തടസ്സമെന്ന് മറ്റൊരു അഭിമുഖത്തിൽ പറഞ്ഞ ആളാണ് അത് രാഷ്ട്രീപാർട്ടിയായി രൂപാന്തരം പ്രാപിച്ചുവെന്ന് പറയുന്നത്.

മുസ്ലിംലീഗുകാർ ജാഗ്രതൈ.

ജമാഅത്തെ ഇസ്‌ലാമിയുടെ ലക്ഷ്യം നിറവേറ്റാൻ മറ്റൊരു ഇസ്‌ലാമിക പ്രസ്ഥാനം രൂപപെടുകയെ നിർവ്വാഹമുളളു എന്ന് കരുതുന്ന മൗലാനാവാണിമേൽ മുസ്‌ലിംലീഗിനെ അത്തരമൊരു പ്രസ്ഥാനമാക്കി രൂപപ്പെടുത്താനുളള ഗൂഢശ്രമങ്ങളായിരിക്കും നടത്തുന്നത്. മുസ്ലിംലീഗിനെ ദുർബ്ബലപ്പെടുത്താൻ ജമാഅത്ത് തന്നെ നിയോഗിച്ചതായിരിക്കും ഹമീദ് വാണിമേലിനെ യെന്ന് പിന്നീട് പയ്യാരം പറയരുത്.

ഇനി ഒ. അബ്ദുല്ല സാഹിബിനെക്കുറിച്ച്. എഴുത്തും പ്രസംഗവും സംഘാടനവുമായി ജമാഅത്തിന് വിലപ്പെട്ട സംഭാവനകളർപ്പിച്ച വ്യക്തിയാണ് ഒ. അബ്ദുല്ല. നാലാൾക്ക് ബോധ്യപ്പെടുന്ന ഒരു കാരണവുമില്ലാതെയാണ് അദ്ദേഹത്തെ മാധ്യമത്തിൽ നിന്നിറക്കിവിട്ടത്.

വ്യക്തിപരമായി ഞാൻ താങ്കളെ ഇപ്പോഴും ഇഷ്ടപ്പെടുന്നത് പോലെ ഒ. അബ്ദുല്ല സാഹിബിനെയും ഇഷ്ടപ്പെടുന്നു. ഒരു വായനക്കാരനെന്ന നിലയിൽ അദ്ദേഹം മാധ്യമത്തിൽ ഇല്ലാത്തത് വേദനിപ്പിക്കുന്നുമുണ്ട്. ഈ നടപടിക്ക് സംഘടനാതലത്തിൽ വ്യക്തമായ ബോദ്ധ്യങ്ങൾ കാണുമായിരിക്കും. ഈ വിഷയം പ്രസ്തുതഘട്ടത്തിൽ തന്നെ മസ്ജിദ് മുബാറകിൽ വെച്ച് താങ്കളുമായി ഞാൻ പങ്ക് വെച്ചിരുന്നു. അന്ന് ശക്തമായി പ്രസ്തുത നടപടിയെ ന്യായീകരിക്കുകയാണ് താങ്കൾ

ചെയ്തത്. നാലാൾക്ക് ബോധ്യപ്പെടുന്ന കാരണങ്ങളില്ലാതെ ഇറക്കി വിട്ടു എന്ന് പറയുന്ന താങ്കൾ അന്ന് ബോദ്ധ്യപ്പെട്ടവരിൽ ഒരാളായിരുന്നുവെന്ന കാര്യം മറക്കരുത്. ഒ. അബ്ദുല്ല സാഹിബിനേയും താങ്കളേയും കൂട്ടികെട്ടാൻ നോക്കണ്ട. മാധ്യമത്തിന്റെ പടി കണ്ണീരോടെ ഇറങ്ങിയിട്ടും ജമാഅത്തിന്റെ മൗലിക നിലപാടിൽ നിന്ന് മാറി ചട്ടുകമാവാൻ അദ്ദേഹം ഇതുവരെ തയ്യാറായിട്ടില്ല. ആരുടെ വേദി യിലും ആർജ്ജവത്തോടെ നിലപാടുകൾ പറയുന്നതും കേട്ടിട്ടുണ്ട്.

ഇരട്ട മുഖവും കാപട്യവും പണ്ഡിതർക്ക് ഭൂഷണമായിരിക്കാം. അത് ആലായി മുളക്കുന്നത് ശ്രദ്ധിക്കണം.

നയവൈരുദ്ധ്യങ്ങൾ തിരിച്ചറിഞ്ഞ് പുറത്ത്പോയ തനിക്കെതിരെ ഉന്നയിച്ചത് ഈമാനും ഇഖ്ലാ സുമില്ല എന്നാണത്രേ. ഇവ നിശ്ചയിക്കാനുള്ള അളവ്കോൽ ആരാണ് അമീറിന് നൽകിയത് എന്നും താങ്കൾ രോഷം കൊള്ളുന്നു.

ഈ അളവുകോലിന്റെ ഉടമസ്ഥനെതേടി ഉന്നതരിലേയ്ക്ക് പോകേണ്ടതില്ല. എഴുത്തും ഖുത്തു ബകളും നിരന്തരം കേൾക്കുകയും വായിക്കുകയും ചെയ്ത ബൗദ്ധിക സത്യസന്ധതയുള്ള ആർക്കും ബോദ്ധ്യപ്പെടാവുന്നതല്ലേയുള്ളു.

ആളുകളുടെ സംസാരവും പ്രവൃത്തിയും നിലപാടുകളും നിഷ്പക്ഷമായി വിലയിരുത്തി നിരീ ക്ഷിക്കുന്നതിലൂടെ ഈമാനും ഇഖ്ലാസും എത്രത്തോളമുണ്ടെന്ന് അറിയാനാവുമെന്ന് നിഫാഖിനെ കുറിച്ച ഒരു ഖുത്തുബയിൽ താങ്കൾ തന്നെ പറഞ്ഞതാണല്ലോ.

ഗുഡല്ലൂർ എസ്റ്റേറ്റും മീൻടൈമും പുതിയസംഭവങ്ങളല്ലല്ലോ. അന്ന് പുറത്തിറങ്ങി ധവള പത്ര മിറക്കണമെന്ന് ആർജ്ജവത്തോടെ പറയണമായിരുന്നു. വർഷങ്ങൾ കൂടെ കഴിഞ്ഞ ഭാര്യയെ നിസ്സാ ര കാര്യത്തിന് മൊഴിചൊല്ലിയ ശേഷം ദാമ്പത്യജീവിതത്തിന്റെ തുടക്കം മുതലുള്ള കുററങ്ങളും കുറ വുകളും പറഞ്ഞുനടക്കുന്ന അൽപ്പനായ ഭർത്താവിന്റെ മനോരോഗമുള്ളവർ കുറ്റിയറ്റിട്ടില്ലായെന്ന് നമ്മെ നിരന്തരം പലസംഭവങ്ങളും ഓർമ്മിപ്പിക്കുന്നു.

ഒരു പൊതുപ്രവർത്തകൻ എന്നനിലയിൽ താങ്കളിൽ നിന്നും ഒരു ധവള പത്രം ആവശ്യപ്പെടാ നുള്ള അർഹത എനിക്കുണ്ടെന്ന് ഞാൻ കരുതുന്നു.

## ധവള പത്രത്തിൽ ഉൾപ്പെടേണ്ട വിവരങ്ങൾ

(1) 1988ൽ ജമാഅത്തിൽ ചേരുമ്പോൾ താങ്കളുടേയും കുടുംബത്തിന്റേയും ആസ്തി എത്രയാ യിരുന്നു ?.

(2) കുടുംബത്തിന്റെ ജീവ സന്ധാരണത്തിനുള്ള വരുമാനം അന്നും തുടർന്നും എന്തായിരുന്നു ?

(3) കുടുംബത്തിന്റെ ദൈനംദിന ചിലവുകൾക്കും കുട്ടികളുടെ വിദ്യാഭ്യാസത്തിനും പ്രസ്തുത തുക മതിയാകുമായിരുന്നോ ?.

(4) പ്രസ്ഥാന മാർഗ്ഗത്തിൽ സേവനം ചെയ്യാൻ ഇറങ്ങിതിരിച്ച ഒരാൾ എന്ന നിലയിൽ ഈ ജിവി തസാഹചര്യത്തിൽ താങ്കൾ സംതൃപ്തനായിരുന്നോ ?.

(5) പ്രസ്ഥാനത്തിൽ നിന്ന് ഇറങ്ങിവരുമ്പോൾ ആസ്തിയും സമ്പാദ്യവുമെത്ര ? കേരളത്തിന്റെ വിവിധയിടങ്ങളിൽ നടത്തിയ ,സംരംഭങ്ങളും കൂട്ടുകച്ചവടങ്ങളും എന്തൊക്കെ ? ആരെക്കൊയാ യിരുന്നു ഷെയറുകാർ ? ഇതിനുള്ള മുതൽ മുടക്ക് എവിടെ നിന്ന് ലഭിച്ചു ? ജമാഅത്തു കാരിൽ നിന്നും മറ്റുള്ളവരിൽ നിന്നും എത്ര ലക്ഷങ്ങൾ കടമായി ശേഖരിച്ചു ? എതെല്ലാം ഇട പാടുകൾ വിജയിച്ചു ? ഏതെല്ലാം പൊളിഞ്ഞു ? എത്ര ലക്ഷങ്ങൾ തിരിച്ച്കൊടുക്കാനുണ്ട് ? ആർക്കൊക്കെ ? രാജിവെക്കുന്നതിന്റെ രണ്ട് ദിവസം മുൻപ്പോലും ജമാഅത്ത്കാരിൽ നിന്നും എത്ര ലക്ഷം വാങ്ങി ? രാജിക്ക് ശേഷം ഒരാഴ്ചയ്ക്കുള്ളിൽ തിരിച്ചുകൊടുത്ത ലക്ഷങ്ങൾ എത്ര ? ആർക്കൊക്കെ ? വണ്ടിച്ചെക്ക് കൊടുത്തവ എത്ര ?

ഒരാഴ്ചക്കുള്ളിൽ കടക്കാർക്ക് തിരിച്ചു കൊടുത്ത ലക്ഷങ്ങൾ എവിടെ നിന്ന് ലഭിച്ചു ? ജമാഅത്ത്കാരിൽ നിന്ന് തന്നെ കടമായി മേടിച്ചതാണോ ? മറ്റേതെങ്കിലും സംഘടനയുടെ നേതാവിൽ നിന്നും കൈപ്പറ്റിയതാണോ ? ഉറവിടം വ്യക്തമാക്കാമോ ? സാമ്പത്തിക ബാധ്യയെക്കുറിച്ച് സഹപ്രവർത്തകർ അന്വേഷിച്ചപ്പോൾ പരസ്പരവിരുദ്ധമായ മറുപടി പറഞ്ഞതെന്തിന് ?.

ധവള പത്രമിറക്കൽ ഒരുകൂട്ടർക്ക് മാത്രമേ ആകാവൂ എന്നില്ലല്ലോ. ചോദ്യം ചെയ്യപ്പെട്ടുവെന്ന് താങ്കൾ പറഞ്ഞ ഈമാനും ഇഖ്ലാസും വീണ്ടെടുക്കാനുള്ള സുവർണ്ണാവസരം ഇങ്ങിനെ കൈവരുമല്ലോ !.

ഏപ്രിൽ 3, 4, 5 തിയ്യതികളിൽ കേന്ദ്രപ്രതിനിധിസഭാ യോഗത്തിന് താങ്കൾക്കും ട്രെയിൻ ടിക്കററ് ബുക്ക് ചെയ്തിരുന്നെന്ന് പറയുന്നു. പുറപ്പെടാൻ നേരത്ത് പോലും സഹപ്രവർത്തകർ വിളിച്ചപ്പോൾ ഞാൻ വൈകിട്ട് പ്ലെയിനിൽ എത്തിക്കോളാം നിങ്ങൾ പൊയ്ക്കോളു എന്ന് പണ്ഡിതോചിതമായി നുണപറയുകയും നേതാക്കളാരും കേരളത്തിലില്ലാത്ത തക്കം നോക്കി പത്രസമ്മേളനം വിളിച്ച് രാജിവെച്ചതെന്തിന് ? ടിക്കറ്റ് ബുക്ക്ചെയ്യുന്ന സമയത്തെങ്കിലും ഞാൻ വരുന്നില്ലെന്ന് പറയാനുള്ള ബുദ്ധിപരമായ സത്യസന്ധത എന്ത് കൊണ്ട് കാണിച്ചില്ല.?

രാജിവെച്ചതിന് ശേഷം രണ്ട് തവണ ജമാഅത്ത് പ്രതിനിധികൾ അനുനയിപ്പിക്കാനെന്ന് താങ്കൾ കരുതുന്ന പ്രകാരം വന്നിരുന്നുവെങ്കിൽ അതവർ നേടിയ തർബ്ബിയത്തിന്റെ ഉദാത്തമായ ഊഷ്മളതയല്ലേ വെളിവാക്കുന്നത് ? നീണ്ട 22 വർഷകാലം ഊണിലും ഉറക്കത്തിലും സുഖത്തിലും കഷ്ടപ്പാടിലും പ്രസ്ഥാനമാർഗത്തിൽ സഹകരിച്ചവരോട് പോലും ഒരു വാക്ക് പറയാതെ കാപട്യത്തോടെ രാജിവെച്ച താങ്കളുടെ തർബ്ബിയത്തിനേക്കാൾ എത്ര ഉന്നതമാണ് അനുനയിപ്പിക്കാനാണെങ്കിൽ പോലും വന്നവരുടേത്. ഇസ്ലാമിക പ്രവർത്തകരുടെ പരസ്പരബന്ധത്തെകുറിച്ചുള്ള ലഘു പുസ്തകം വായിച്ചിരുന്നുവെങ്കിൽ ഇങ്ങിനെ പറയില്ലായിരുന്നു. അതെങ്ങിനെ ഇപ്പോഴല്ലേ വായിക്കാൻ സമയം നീക്കിവെക്കുന്നത്.

മുസ്ലീംലീഗിനെ ശക്തിപ്പെടുത്തലാണ് കാലഘട്ടത്തിന്റെ ആവശ്യമെന്ന് കരുതുന്നയാൾ എന്ത് കൊണ്ട് ലീഗ് മലബാർ മുസ്ലീംകളാൽ നികൃഷ്ടമായി തിരസ്കരിക്കപ്പെട്ട് ശക്തി ക്ഷയിച്ചകാലത്ത് ശക്തിപ്പെടുത്താൻ രംഗത്ത് വരാതിരുന്നത്. ?

മുസ്ലീംലീഗിന്റെ സൂക്ഷ്മതയും പ്രായോഗികതയും വ്യക്തമായി തിരിച്ചറിയാൻ പൊതു ധാരയിൽ വന്നപ്പോഴാണ് കഴിഞ്ഞതെന്ന് പറയുന്നു. അതായത് പൊളിറ്റിക്കൽ സെക്രട്ടറിയായി കക്ഷി രാഷ്ട്രീയ നേതാക്കളുമായി നിന്ന് പടമെടുക്കാനും ചാനലുകളിൽ പ്രത്യക്ഷപ്പെടാനും തുടങ്ങിയപ്പോൾ. താങ്കളുടെ രാഷ്ട്രീയ നിരീക്ഷണ പാഠവത്തെ സ്തുതിക്കുന്നു.

**സഖാവെ**

തുടരാനാഗ്രഹിക്കുന്നില്ല. നിർത്താൻ കഴിയില്ലെന്നത് കൊണ്ട്. കൽപ്പറ്റക്കാരുമായി ദീർഘകാലത്തെ വിടവ് താങ്കൾക്കുണ്ടായിരിക്കാം . അത്തരമൊരു അകൽച്ച ഞങ്ങൾക്കിതുവരെ അനുഭവപ്പെടാത്തതിനാൽ ഇങ്ങിനെയൊക്കെ.

കാലവും സമയവും വ്യഥാവിലാക്കുന്ന സംഘടനാ പ്രവർത്തനത്തിൽ നിന്ന് മാറി ഇവയെ യഥാവിധി ഉപയോഗപ്പെടുത്താൻ കഴിയുന്ന താവളത്തിൽ എത്തിപ്പെട്ടിരിക്കുകയാണല്ലോ. കഴിഞ്ഞ കുറച്ചുകാലമായി സാമ്പത്തികമുള്ള ജമാഅത്തുകാരെ ഉപയോഗപ്പെടുത്തി പരിശിലിക്കുകയായിരുന്നല്ലോ താങ്കൾ. ദീനിനേക്കാൾ ദുനിയാവിനെ പരിഗണിക്കുന്ന നിക്ഷിപ്ത താൽപര്യക്കാരാണ് ജമാഅത്തിനെ നയിക്കുന്നതെന്ന് താങ്കൾ പറയുന്നു . ശരിയാണ് നിക്ഷിപ്ത താൽപര്യങ്ങളുമായി ദുനിയാവിനെ മാത്രം പരിഗണിച്ച് ഒരു കോടിയോളം രൂപയുടെ ബാധ്യതവരുത്തിവെച്ച് നടപടിക്ക് വിധേയനാവുമെന്ന ഘട്ടം വന്നപ്പോൾ മറുകണ്ടം ചാടി ആദർശം ചമയുന്ന ഒരാളായി മാറിയതും ഞങ്ങളറിയുന്നു.

അന്യരിലേക്ക് ഒരു വിരൽ ചൂണ്ടുമ്പോൾ തന്നിലേക്കാണ് മറ്റ് വിരലുകൾ ചൂണ്ടപ്പെടുന്നത് എന്ന ഹദീസ് ദീനിപ്രവർത്തകനിൽ നിന്ന് കക്ഷിരാഷ്ട്രീയ പ്രായോഗികതയിലേക്കും വ്യാമോഹങ്ങളിലേക്കും വഴിമാറുമ്പോൾ മറക്കാൻ പാടില്ലായിരുന്നു.

പണ്ഡിതന്മാരുടെ സാന്നിദ്ധ്യവും നേതൃത്വവും സംഘടനയിൽ കുറഞ്ഞുവരുന്നതിൽ വേവലാതിപ്പെട്ട് അവസാനത്തെ പണ്ഡിതനും പണ്ഡിതർ മാത്രമുളള സംഘത്തിലേക്ക് ചേക്കേറുമ്പോൾ സന്തോഷമുണ്ട്. ഞങ്ങളുടെ ഖത്തീബ് സഹ്യസാനുക്കളും കടന്ന് വളരുകതന്നെയാണ് !.

**<u>വാണിമേലിന്റെ പ്രയപ്പെട്ട മക്കൾക്ക്.</u>**

"ഇത്തരമാൾക്കാരുടെ കൂടെയായിരുന്നോ ബാപ്പ ഇതുവരെ"എന്ന ചോദ്യം മക്കളെ ഇനിയും നിങ്ങളുടെ മനസിൽ ഉയർന്നു വരുന്നുണ്ടോ ! നിങ്ങൾ മക്കൾക്ക് അദ്ദേഹം ബാപ്പയായിരിക്കാം പക്ഷെ ഞങ്ങൾ ആയിരങ്ങൾക്ക് അദ്ദേഹവും പ്രസ്ഥാനവും എന്തായിരുന്നുവെന്ന് ഞാനടക്കം അയച്ച എസ്.എം.എസുകളിൽനിന്ന് ബോദ്ധ്യപ്പെടനുളള പ്രായവും തിരിച്ചറിവും നിങ്ങൾക്കായിട്ടുണ്ടോ എന്നെനിക്കറിയില്ല. പാർട്ടിമാറിയ പല രാഷ്ട്രീയക്കാരുടേയും ശാരീരികാവസ്ഥ എന്താണെന്ന് കേൾക്കാനും അനുഭവിക്കാനും ഇടവരുന്ന ഒരു ഘട്ടത്തിൽ ഈ എസ്.എം.എസുകളുംഫോൺകാളുകളും പുഷ്പവൃഷ്ടിയായിരുന്നുവെന്ന് നിങ്ങൾ തിരിച്ചറിയാതിരിക്കില്ല. അന്ന് നിങ്ങൾ പറയും ഇത്തരമാൾക്കാരായിരുന്നു ബാപ്പാ നല്ലതെന്ന് ! പടച്ചവന്റെ മുമ്പിൽ പകച്ച് നിൽക്കപ്പെടുന്നതിന് മുൻപ് താൻ ആരുടെ ഗണത്തിലാണ്പ്പെടുന്നതെന്ന് ബാപ്പ നിങ്ങളോടെങ്കിലും ഉളളു തുറക്കുമെന്ന് ഞാൻ ആശിക്കുന്നു. നബി(സ) യുടെ ഒരു പരാമർശത്തിൽ ഭീതിപൂണ്ട് കരഞ്ഞ് കൊണ്ട് ഓടി നടന്ന ഹൻതല (റ)യെ വൈകാരികമായി ഒരു ഖുത്തുബയിൽ അവതരിപ്പിച്ചതും നിങ്ങളുടെ ബാപ്പയായിരുന്നുവല്ലോ.

സ്നേഹത്തോടെയും
പ്രാർത്ഥനയോടെയും
(ശാപപ്രാർത്ഥനയല്ല)

ഇതാർക്കും വേണ്ടിയുളള വക്കാലത്തല്ല.
ഒരു പഴയ പരിചയക്കാരന്റെ
ചിതറിയ ചിന്തകൾ മാത്രം

ഹംസ ഗൂഡലായ്
9048526662
മലയാള സംസ്കാരികവേദി